വലിയ മനുഷ്യൻ,
വലിയ കവി

എം. ടി. വാസുദേവൻ
നായർ

# വലിയ മനുഷ്യൻ, വലിയ കവി

എം. ടി. വാസുദേവൻ നായർ

കവിതകളുടെ ഒരു ആരാധകനെന്ന നിലയ്ക്ക് ഞാൻ എല്ലാ കവികളുടെയും കൃതികളുമായി പരിചയപ്പെടാൻ ആദ്യം മുതലേ ശ്രമിച്ചിട്ടുണ്ട്. പക്ഷെ സവിശേഷമായ ഒരു ബന്ധം എനിയ്ക്ക് തോന്നിയത് ഇടശ്ശേരിയോടുമാത്രമാണ്. അത് അദ്ദേഹം പൊന്നാനിക്കാരനായിരുന്നതു കൊണ്ടാവാം. ഒരുപക്ഷേ വള്ളുവനാടൻ മണ്ണിന്റെ അടിയിലെവിടെയോ ഒരു പിടുത്തം കിട്ടാൻ ഒരു മാളം കിട്ടാൻ വേണ്ടി സഞ്ചിരിച്ചിരുന്ന എന്റെ സർഗ്ഗശ്രമങ്ങളുടെ ഇളം വേരുകൾ ഏതോ ഒരു തായ്‌വേരിൽത്തട്ടി പ്രതീക്ഷയും സുരക്ഷിതബോധവും തോന്നിയതുകൊണ്ടുമാവാം. എന്റെ ഇളം പ്രായത്തിൽ പൊന്നാനിയിൽ ഇടശ്ശേരിയുണ്ടായിരുന്നു, പി.സി. കുട്ടികൃഷ്ണൻ എന്ന ഉറൂബ് ഉണ്ടായിരുന്നു. പ്രായത്തിൽ അവരോടൽപ്പം താഴെയായി കടവനാടനുണ്ടായിരുന്നു. 'ഇടയന്റെ നിക്ഷേപം' എന്ന കൃതിയെഴുതിയ, ചെറുപ്പത്തിലേ മരിച്ചുപോയ ഇ. നാരായണൻ എന്ന കവിയുണ്ടായിരുന്നു എന്നും കേട്ടിട്ടുണ്ട്. ഞാൻ ഇതിലൊക്കെ താൽപ്പര്യം കാണിച്ചു തുടങ്ങിയപ്പോഴേയ്ക്ക് ഇ. നാരായണൻ മരിച്ചു പോയിരുന്നു. ഇതു കഴിഞ്ഞിട്ടാണ് ഞാൻ ഇടശ്ശേരിയെ കാണുന്നത്. ഇടശ്ശേരിയെ കണ്ട സമയത്ത് ഒരുമിച്ചുകഴിഞ്ഞ ഒരു പാടു വേളകൾ വളരെ വ്യക്തിപരമായ കാര്യങ്ങളാണ്. അതുപറയണമെന്ന് ഞാൻ ഉദ്ദേശിക്കുന്നില്ല.

എന്നെ സംബന്ധിച്ചേടത്തോളം തൊട്ടപ്പുറത്ത് അക്കിത്തമുണ്ടായിരുന്നു. അക്കിത്തത്തിനും ഗരുസ്ഥാനീയനായിട്ടാണ് ഇടശ്ശേരി. ഇങ്ങിനെ ഒരു ലോകം തൊട്ടപ്പുറത്തുണ്ട്. സാഹിത്യത്തിന്റെ ലോകം. ഇതൊക്കെയായിരിക്കാം എന്നിലും സാഹിത്യത്തിലുള്ള താൽപ്പര്യം ഉണ്ടാക്കിത്തീർത്തത്. ആ ഇളം പ്രായത്തിൽ ഞാൻ ആദ്യമായി വായിക്കുന്നത് 'പുത്തൻ കലവും അരിവാളും' ആണ്. ചൈതന്യത്തിലാണതു പ്രസിദ്ധപ്പെടുത്തി വന്നത്. കവിതയുടെ ആഴത്തിലുള്ള അർത്ഥതലങ്ങളൊന്നും മനസ്സിലാവുന്ന കാലത്തല്ല ഞാൻ ഇതു വായിച്ചത്. എങ്കിലും ഈ കവിതയോട് വളരെ വലിയ അടുപ്പം തോന്നി. കവിതയിലൂടെ കവിയെപ്പറ്റി അന്വേഷിക്കുന്നു. എന്റെ കുടുംബത്തിൽ നിന്നു തന്നെ ഈ കവിയെപ്പറ്റിയുള്ള വിവരങ്ങൾ കിട്ടുന്നു. പിന്നീട് പലപ്പോഴായി കണ്ടു, ചിലപ്പോഴൊക്കെ ഒന്നിച്ചു പ്രവർത്തിച്ചു. ഒരു പ്രസിദ്ധീകണ സ്ഥാപനവുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചിരുന്നു. അക്കിത്തമൊക്കെ അതിലുണ്ടായിരുന്നു. എനിയ്ക്ക് ഞാൻ മുമ്പൊരിക്കൽ പറഞ്ഞതുപോലെ, എല്ലാ കവികളോടും പ്രത്യേകമായ ആദരവും സ്നേഹവും ആരാധനയും തോന്നിയിരുന്നെങ്കിലും ഇതാ എന്റെ സ്വന്തം കവി എന്ന് തോന്നിയിട്ടുള്ളത് ഇനിയും തോന്നുന്നതും ഇടശ്ശേരിയെ പറ്റിയാണ്. ഇതിനർത്ഥം എനിക്ക് മറ്റു കവികളോട് ആദരവ് കുറവ് എന്നതല്ല. ഇത് എന്റെ സ്വന്തം ഒരാൾ എന്ന തോന്നൽ. അദ്ദേഹത്തിന്റെ ബിംബങ്ങൾ എനിയ്ക്കു സുപരിചിതങ്ങളായതുകൊണ്ടാണോ, നേരത്തേ പറഞ്ഞതുപോലെ ഇളം വേരുകൾ തട്ടിനിന്ന തായ്‌വേരുകളുടെ പ്രത്യേകത കൊണ്ടാണോ, എനിയ്ക്ക് ആരാധന, സ്നേഹം എന്നിവ തോന്നിയിരുന്നു. ഞാൻ മുൻപൊരിക്കൽ അതു പറയുകയുണ്ടായി. എനിക്ക് എല്ലാ കവിതകളും ഇഷ്ടമാണ്, പക്ഷെ എനിയ്ക്ക് ഓർമ്മയിൽ നിന്ന് ചൊല്ലാൻ കഴിയുന്ന കവിതകൾ ഏറ്റവും കൂടുതൽ ഇടശ്ശേരിയുടെ കവിതകളായിരിക്കും. ഇടശ്ശേരിയുടെ കവിതകൾ എന്തുകൊണ്ട് കിട്ടുന്നില്ല, ഇടശ്ശേരിയെപ്പറ്റി, വേണ്ടമാതിരി, ആ കവി അർഹിക്കുന്ന നിലയിലുള്ള പഠനങ്ങൾ എന്തുകൊണ്ട് വന്നിട്ടില്ല എന്ന് ഞാൻ പലപ്പോഴും ഓർത്തിട്ടുണ്ട്. അങ്ങിനെ സാഹിത്യത്തിൽ പലപ്പോഴും സംഭവിക്കാറുണ്ട്. ഇന്നും ഇടശ്ശേരിയെ ഞാൻ ഓർക്കാറുണ്ട്. മിക്കവാറും എട്ടുപത്തു ദിവസത്തിലൊരിക്കലെങ്കിലും ഞാൻ കുറ്റിപ്പുറം പാലത്തിലൂടെ കടന്നുപോകാറുണ്ട്. അപ്പോൾ ഈ പാലത്തെപ്പറ്റി എഴുതിയ വരികൾ സ്വാഭാവികമായും എന്റെ മനസ്സിലേയ്ക്കു കടന്നുവരും. മാത്രമല്ല, ഇന്നത്തെ പേരാറിന്റെ അവസ്ഥകാണു

# വലിയ മനുഷ്യൻ, വലിയ കവി

എം. ടി. വാസുദേവൻ നായർ

മ്പോൾ ദീർഘദർശിയായ കവി അന്നു പറഞ്ഞ, 'ആകുലമായ ഒരഴുക്കുചാലായി മാറില്ലേ' എന്ന ആശങ്ക വീണ്ടും എന്റെ മനസ്സിലേയ്ക്ക് കടന്നുവരും. എനിയ്ക്ക് സുപരിചിതമായ ബിംബങ്ങൾ അനേകം ഇടശ്ശേരിക്കവിതകളിലുണ്ട്. വെട്ടും വെളിച്ചപ്പാടുമായി കരിങ്കാളിയുടെ വെളിച്ചപ്പാട്, അംബയോടു തേരിറങ്ങാൻ പറയുന്ന ദേവീസ്തവങ്ങൾ, ഇതിലൊക്കെ എനിയ്ക്കു സുപരിചിതങ്ങളായ ദൃശ്യങ്ങൾ, ബിംബങ്ങൾ ആണുള്ളത്. ആ ഒരടുപ്പം ഒരു വശത്ത്, അതെന്റെ വ്യക്തിപരമായ അടുപ്പവും സ്നേഹവുമാണ്. പക്ഷെ എനിയ്ക്കു തോന്നാറുള്ളത് ഇടശ്ശേരി തനി ഗ്രാമീണനാണെന്നാണ്. തനി നാട്ടിൻപുറത്തുകാരൻ, പൊന്നാനിക്കാരൻ. വളരെ എളിമയുള്ള ഒരു ജീവിതത്തിന്റെ ക്രെഡെൻഷ്യൽ ഒക്കെ വച്ചുകൊണ്ട് ഇടശ്ശേരി കവിതകളെഴുതി.

ഞാൻ അഥോറിറ്റിയായിട്ടൊന്നും പറയുകയല്ല, ഈ കഴിഞ്ഞകൊല്ലത്തെ നോബൽ സമ്മാനാർഹനായ ഷീനിയുടെ കവിതാ സമാഹാരം എന്റെ കയ്യിലുണ്ട്. വാൾകോട്ടിന്റെ കവിതാ സമാഹാരവും എന്റെ കയ്യിലുണ്ട്. അവരൊന്നും മോശക്കാരായിട്ടല്ല. പക്ഷെ നമ്മുടെ കൂടെ ഉണ്ടായിരുന്ന ഈ കവിയുടെ കവിതകൾ ഈ പറഞ്ഞ പല മഹാരഥൻമാരുടേയും കവിതകളേക്കാൾ ഉയർന്നു നിൽക്കുന്നു എന്ന് എനിയ്ക്ക് തോന്നിയിട്ടുണ്ട്. എന്റെ വളരെ വ്യക്തിപരമായ അഭിപ്രായമാണ്. യോജിക്കുകയോ യോജിക്കാതിരിക്കുകയോ ചെയ്യാം. വാൾകോട്ടിന്റെ കവിതകൾ ഞാൻ വായിച്ചിട്ടുണ്ട്. ഗ്രാമീണദൃശ്യങ്ങളും ബിംബങ്ങളും ആവിഷ്ക്കരിച്ചിട്ടുള്ള ഫ്രോസ്റ്റിന്റെ കവിതകളും ഞാൻ വായിച്ചിട്ടുണ്ട്. ഇടശ്ശേരി പൊന്നാനിക്കാരൻ, വള്ളുവനാടൻ കവിയാകുന്നതുകൊണ്ടാണ് കേരളത്തിന്റെ കവിയാകുന്നത്, ഭാരതത്തിന്റെ കവിയാകുന്നത്, ലോകത്തിന്റെ കവിയാകുന്നത് എന്നു വിശ്വസിക്കുന്ന ഒരാളാണു ഞാൻ. സ്വന്തം സംസ്കൃതിയുടെ സ്വന്തം ഗ്രാമീണസംസ്കൃതിയുടെ നടുവിൽ നിന്നുകൊണ്ടുതന്നെ അദ്ദേഹം തന്റ കവിതകൾ രചിച്ചു. ഇതു തർജ്ജമചെയ്യാൻ പാകത്തിലൊന്നുമല്ല അദ്ദേഹം അവ രചിച്ചത്. പലപ്പോഴും കവിതയ്ക്ക് അങ്ങിനെ ഒരു ദോഷമുണ്ട്. ഈയിടെ വടക്കേ ഇന്ത്യയിൽ നടന്ന ഒരു കവിസമ്മേളനത്തിൽ ആരോ പറയുകയുണ്ടായി അവിടെ കവികളെല്ലാം ഇംഗ്ലീഷിലേയ്ക്ക് തർജ്ജമചെയ്യാനുള്ള സൗകര്യം ആദ്യം മനസ്സിൽ കണ്ടുകൊണ്ടാണ് കവിത എഴുതുന്നതെന്ന്. ഇടശ്ശേരിയെ സംബന്ധിച്ചേടത്തോളം അദ്ദേഹം ശുദ്ധനായ ഒരു ഗ്രാമീണനായിരുന്നു. അദ്ദേഹത്തിന്റെ ആ ശുദ്ധത തന്നെയാണ് അദ്ദേഹത്തിന്റെ കവിതകളുടെ ശക്തി. ഈ നിഷ്കളങ്കതയുടെ ശക്തിയാണ് വലിയ കരുത്ത്. ഇടശ്ശേരി വലിയ കവി മാത്രമല്ല വലിയ മനുഷ്യനുമായിരുന്നു. എനിയ്ക്ക് അതു സംബന്ധിച്ച് വ്യക്തിപരമായ ഒരുപാട് അനുഭവങ്ങൾ ഓർക്കാനുണ്ട്. ഞാൻ നേരിട്ടനുഭവിച്ചതും, എനിക്ക് വിശ്വാസയോഗ്യരായിട്ടുള്ള പലരിൽ നിന്നും കിട്ടിയിട്ടുള്ള കഥകൾ, സംഭവങ്ങൾ എല്ലാം വച്ചുകൊണ്ട് ഇടശ്ശേരിയെന്ന ഒരു വലിയ മനുഷ്യന്റെ ചിത്രവും എന്റെ മനസ്സിലുണ്ട്.

മുമ്പിൽ എടുത്തുചാടാതെ ഒരുപടി പിന്നിൽ നിൽക്കാനാണ് എനിയ്ക്കിഷ്ടം എന്നർത്ഥം വരുന്ന ഒരു വരി അദ്ദേഹം എഴുതിയിട്ടുണ്ട്. അതിനർത്ഥം അദ്ദേഹം തന്റെ വഴിയിലെ പടുകുഴികളേയും മാർഗ്ഗതടസ്സങ്ങളേക്കുറിച്ചും ബോധവാനായിരുന്നു എന്നാണ്. തന്റെ ഓരോ കാലടിവെപ്പും ഉറച്ചതായിരിക്കണം എന്ന് നിർബന്ധമുള്ളതുകൊണ്ടാണ് മുമ്പിൽ എടുത്തുചാടാതെ ഒരുപടി പിന്നിൽ നിൽക്കാനാണ് ഈ യാത്രയിൽ എനിക്കിഷ്ടം എന്നർത്ഥത്തിൽ അദ്ദേഹം എഴുതിയത്. നമ്മുടെ കേരളപ്രകൃതിയുടെ സ്പന്ദനങ്ങൾ ഇത്രത്തോളം അറിഞ്ഞ ഒരു കവി വേറെയുണ്ടോ എന്നു സംശയമാണ്. നമ്മുടെ ഋതുഭാവങ്ങൾ, കാലാവസ്ഥയുടെ പകർച്ചകൾ, അതുമാത്രമല്ല ഇടശ്ശേരിയ്ക്ക് കവിത ഒരു അലങ്കാരമായിരുന്നില്ല. അദ്ദേഹം കടവനാടന്റെ കല്ല്യാണത്തെപ്പറ്റി ഒരു കവിതയെഴുതുന്നു. അതിലും കവിതയുണ്ടാകും. ചീറിയലറുമലയാഴിയാം വാക്യത്തിനു കീഴ്വരയിട്ടപോലുള്ള കാനോലി കനാലിന്റെ ഓരത്തുകൂടെ നടന്നുപോകുന്ന കല്ല്യാണ സംഘത്തെപ്പറ്റി അദ്ദേഹം എഴുതുമ്പോൾ (അതു വെറും കല്ല്യാണത്തിൽ പങ്കെടുക്കാൻ പോകലാണ്) അതിൽ നിന്നും കാനോലി കനാലും, അദ്ദേഹത്തിന്റെ തന്നെ ചകിരിക്കുഴികൾ കണ്ടെത്തുന്ന കാനോലി കനാലും ആ പ്രദേശവുമെല്ലാം നമ്മുടെ

മുമ്പിലേയ്ക്ക് കയറി വരുന്നു. ഇടശ്ശേരി എല്ലാ അർത്ഥത്തിലും കവിയായിരുന്നു. അദ്ദേഹം വളരേയധികം മനുഷ്യസ്നേഹമുള്ള ഒരു കവിയായിരുന്നു. അദ്ദേഹം ഗാന്ധിസത്തിലാണ് വിശ്വസിച്ചിരുന്നത്. പക്ഷെ ഒരിക്കലും അദ്ദേഹത്തിന്റെ വിശ്വാസപ്രമാണങ്ങൾ സങ്കുചിതമായിരുന്നില്ല. തന്റെ എതിരഭിപ്രായക്കാരെ വളരേയധികം ആദരിക്കാൻ അദ്ദേഹം തയ്യാറായിരുന്നു, പരിപൂർണ്ണമായി ഗാന്ധിസത്തിൽ വിശ്വസിക്കുന്ന ആൾ തന്നെയാണ് അധികാരം കൊയ്യണമാദ്യം നാം അതിനുമേലാകട്ടെ പൊന്നാര്യൻ എന്നും എഴുതുന്നത്. ആവശ്യം വരുമ്പോൾ അധികാരം കൊയ്യണം നാമെന്ന് ഉച്ചത്തിൽ പറയാനും അദ്ദേഹത്തിനു സാധിക്കും. അതിനർത്ഥം അദ്ദേഹം ചില വിശ്വാസങ്ങൾ, ചില ആദർശങ്ങൾ, ചില തത്വസംഹിതകൾ എല്ലാം വച്ചുപുലർത്തി ആരാധിച്ചുവെങ്കിലും ഒന്നിന്റേയും അടിമയായിരുന്നില്ല എന്നാണ്. ഇടശ്ശേരി തീർത്തും മനുഷ്യസ്നേഹത്തിന്റെ വക്താവായിരുന്നു. അദ്ദേഹത്തെ ശക്തിയുടെ കവി എന്നിങ്ങനെ പലപേരിലും പലരും വിശേഷിപ്പിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ ശക്തി എന്നുപറഞ്ഞാൽ ഞാൻ നേരത്തേ സൂചിപ്പിച്ചതുപോലെ ഗ്രാമീണന്റെ നിഷ്കളങ്കതയുടെ ശക്തിതന്നെയാണ്.

കവിതകൾക്കു പുറമേ അദ്ദേഹത്തിന്റെ ചെറുകഥകളുണ്ട്, നാടകങ്ങളുണ്ട്. കേരളത്തിലെ കലാസമിതി പ്രസ്ഥാനത്തിന്റെ ആരംഭം കുറിക്കുന്നത് പൊന്നാനിയിൽ നിന്നുള്ള കൂട്ടുകൃഷി യിൽവച്ചാണ്. കൂട്ടുകൃഷി ഒരു മഹാപ്രസ്ഥാനമായി മാറി. സെക്കുലർ കൾച്ചറിനെപ്പറ്റിയെല്ലാം ഇപ്പോൾ ധാരാളം പറയുന്നുണ്ട്. ഇതിനെത്രയോ മുമ്പാണ്, ദശാബ്ദങ്ങൾക്കു മുമ്പാണ് ഇടശ്ശേരി 'കൂട്ടുകൃഷി' എഴുതിയതെന്ന് ആലോചിക്കണം. "ഈശ്വരാ അവിടുത്തെ ഉഭയമാണിത്" (അവിടുത്തെ നിലമാണിത്) എന്നു പറുന്ന വാചകങ്ങൾ ഇന്നും എന്റെ മനസ്സിൽ പ്രതിധ്വനിക്കുന്നു. ഈ ഭൂമി, ഈ കൃഷിസ്ഥലങ്ങളെല്ലാം അവിടുത്തെയാണ്. ഞങ്ങൾ വിളയിറക്കുന്നുവെന്നുമാത്രം. സഹകരിച്ചു വിളയിറക്കേണ്ടവരാണെന്നുമാത്രം. കൂട്ടുകൃഷിയിൽനിന്ന് ആരംഭിക്കുന്ന ആമാനുഷികത്വത്തിന്റെ ശബ്ദമുണ്ടല്ലോ, അതിൽ നിന്നു കേട്ട ശബ്ദം, മനുഷ്യസ്നേഹത്തിന്റെ ശബ്ദം, സഹിഷ്ണുതയുടെ ശബ്ദം, നിങ്ങളെ ഇന്നും ചിന്തിപ്പിക്കേണ്ടതാണ്. അദ്ദേഹം ആചാരോപചാരങ്ങളില്ലാത്ത കവിയായിരുന്നു. ആദ്യകാലത്തെ 'അളകാവലി' തുടങ്ങിയ കൃതികളിൽ നിന്നും വളരെ വ്യത്യസ്തമായ കൃതികളാണ് പിന്നീട് വന്നത്. അദ്ദേഹം നമ്മുടേതായ തനിമ, നമ്മുടെ ഗ്രാമത്തനിമ, അത് എത്രത്തോളം കാവ്യാത്മകമാണ്, അതിന് കവിതയുടെ ശക്തി എത്രത്തോളമുണ്ടെന്ന് കണ്ടെത്തുകയുണ്ടായി. അത് മറ്റുള്ളവർക്ക് ഒരു പാഠമായി മാറുകയും ചെയ്തു. അദ്ദേഹം ഏതു നിലയ്ക്കും വലിയ കവിയായിരുന്നു. വലിയ മനുഷ്യനും. അദ്ദേഹത്തിന്റെ കവിതാപുസ്തകങ്ങൾ പലതും ഇന്ന് ലഭ്യമല്ല. എന്റെ ആഗ്രഹം, എന്റെ പ്രാർത്ഥന, എന്റെ ആവശ്യം എന്നുതന്നെ പറയട്ടെ ഇടശ്ശേരിയുടെ സമാഹരിച്ച കവിതകൾ കേരളത്തിലെ എല്ലാ ഗ്രന്ഥാലയങ്ങളിലും എത്തിച്ചേരണമെന്നാണ്. ഇവിടുത്തെ ഇളം തലമുറയിലെ വായനക്കാർ ഇടശ്ശേരിക്കവിതയുമായി പരിചയപ്പെട്ടിട്ടില്ലെങ്കിൽ അവർ പരിചയപ്പെടേണ്ടതാണ് എന്ന് അവരെ ബോധ്യപ്പെടുത്തുവാൻ മുതിർന്നവർക്ക് തീർച്ചയായും ഒരു ബാധ്യതയുണ്ട്. അല്ലെങ്കിൽ നിങ്ങൾ സാഹിത്യത്തിനോട്, നമ്മുടെ കാവ്യ ചരിത്രത്തിനോട്, നമ്മുടെ കാലഘട്ടത്തിനോട്, ഒക്കെ ചെയ്യുന്ന അനീതിയായിരിക്കും.